കൊണ്ടോട്ടി മണ്ഡലത്തിൽ മരാമത്ത് വകുപ്പ് നടത്തിയ പ്രവൃത്തികൾ

207 (657) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നടത്തിയ പ്രവൃത്തികൾ വിശദമാക്കുമോ ;

(ബി) ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ഭരണാനുമതി നൽകിയതുമായ പ്രവൃത്തികൾ ഏതെല്ലാം ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടോടി മണ്ഡലത്തിൽ കെട്ടിടവിഭാഗത്തിൻകീഴിൽ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം. കൊണ്ടോട്ടി റെസ്റ്റ്ഹൗസ് കെട്ടിടനിർമ്മാണം എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ 71 ചെറുകിട അറ്റകുറ്റപണികൾക്ക് ഭരണാനുമതി നൽകി. അതിലേക്കായി 225 ലക്ഷം രൂപ ചെലവായി. കൂടാതെ ചെയിനേജ് 15/656 മുതൽ 40/000 വരെ 12.25 കോടി രൂപയുടെ മേജർ പ്രവൃത്തിയും നടപ്പാക്കിയിട്ടുണ്ട്. ഇതിൽ ചെയിനേജ് 18/000 മുതൽ 40/000 വരെയാണ് കൊണ്ടോട്ടി മണ്ഡലത്തിൽ ഉൾപ്പെടുന്നത്. കൂടാതെ 40-54 വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി 9.3476 കോടി രൂപ ചെലവിൽ നടത്തുകയുണ്ടായി. ഇതിൽ കി.മീ 43/000 വരെയുള്ളഭാഗം കൊണ്ടോട്ടി മണ്ഡലത്തിൽപ്പെടുന്നു. കൂടാതെ സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി നടത്തിയ പ്രവൃത്തികളുടെ വിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.* 2010-11-ൽ ഭരണാനുമതി നൽകിയ 16 ഡ്രെയിനേജ് പ്രവൃത്തികളുടെ പണി പുരോഗമിച്ചുവരുന്നു. അവയുടെ ലിസ്റ്റ് അനുബന്ധം 'ബി' ആയി ഉള്ളടക്കം ചെയ്യുന്നു.* നിരത്തുകളും പാലങ്ങളും വിഭാഗം സംബന്ധിച്ച കാര്യങ്ങൾ അനുബന്ധം 'സി' ആയി ചേർത്തിരിക്കുന്നു.*

മഞ്ചേരി മണ്ഡലത്തിലെ മരാമത്ത് പണികൾ

208 (658) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും മഞ്ചേരിമണ്ഡലത്തിൽ ഏതെല്ലാം മരാമത്ത് പണികൾക്കാണ് ഭരണാനുമതി നൽകിയതെന്നും അതിനായി എന്തുതുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly